I/271876/2024

**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : M.G. RAJAMANICKAM IAS)**

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – മുൻ പഞ്ചായത്ത് വകുപ്പിലെ 13.04.2010 മുതൽ 18.04.2018 വരെയുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിലെ സീനിയോരിറ്റി പട്ടിക - സീനിയോരിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ .LSGD/PD/10184/2024-GEA1 തീയതി:30-04-2024</u>**

പരാമർശം:
1) പഞ്ചായത്ത് ഡയറക്ടറുടെ 02.06.2018 തീയതിയിലെ ഇ8-14312/2018 നമ്പർ ഉത്തരവ്.
2) 12.01.2024 തീയതിയിലെ LSGD-EPB1/249/2023-LSGD നമ്പർ സർക്കാർ കത്ത്.
3) 31.01.2024 ലെ LSGD-PD/10202/2023-DEA2 നമ്പർ നോട്ടീസ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം അന്തിമമാക്കിയിട്ടുള്ള മുൻ പഞ്ചായത്ത് വകുപ്പിലെ 13.04.2010 മുതൽ 18.04.2018 വരെയുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 511 മുതൽ 535 വരെയുള്ള ജീവനക്കാരെ അവരുടെ ഫീഡർ കാറ്റഗറി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ക്രമം തെറ്റിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി ക്രമ നമ്പർ 511 മുതൽ 535 വരെയുള്ളവരുടെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നതിന് തീരുമാനിക്കുകയും അപ്രകാരം പുനഃക്രമീകരിക്കുന്നതിൽ ആക്ഷേപം ഉള്ളവർക്ക് ആയത് ഉന്നയിക്കുന്നതിനായി പരാമർശം (3) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

2. സീനിയോറിറ്റി പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച ജീവനക്കാരെ 07.03.2024-ൽ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ. മനോജ് എസ്., ശ്രീ. ജയരാജ് ബി., ശ്രീ. അനിൽകുമാർ ഡി., ശ്രീ. ജോസഫ് എം. ചാക്കോ എന്നിവർ തങ്ങളുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി 13.04.2010 ആയി പുനർനിർണ്ണയിച്ചത് തെറ്റാണെന്നും യഥാർത്ഥ പ്രൊമോഷൻ തീയതി പുനഃസ്ഥാപിച്ച് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി പുനർനിർണയിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ ഇളവിന് അർഹതയുണ്ടായിരുന്നത് പരിഗണിച്ച് ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി പുനർനിർണ്ണയിക്കണമെന്ന് ശ്രീ. പ്രേമൻ

പി.കെ.-യും അഡ്വൈസ് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി തസ്തികയിലെ സീനിയോരിറ്റി ക്രമീകരിക്കണമെന്ന് ശ്രീ. ടി. ടി. സുരേന്ദ്രനും ആവശ്യം ഉന്നയിച്ചു. ബഹു. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം അന്തിമമാക്കപ്പെട്ട ജൂനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച് സെക്രട്ടറി തസ്തികയിലെ സീനിയോറിറ്റി പുനർനിർണയിക്കണം എന്ന മേല്പറഞ്ഞവരുടെ ആവശ്യം പരാമർശം (3) പ്രകാരമുള്ള നോട്ടീസിന്റെ പരിധിയിൽ വരാത്തതിനാൽ പരിഗണനാർഹമല്ല.

3. ഫീഡർ കാറ്റഗറിയായ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ വകുപ്പുതല പരീക്ഷയോഗ്യത പരിശോധിക്കണമെന്ന ശ്രീ. ഷിബു എം.കെ.-യുടെ ആവശ്യവും ടെസ്റ്റ് യോഗ്യതയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമീകരിക്കണം എന്ന ശ്രീ. പ്രകാശൻ കെ.വി.യുടെ ആവശ്യവും പരിശോധിച്ചതിൽ, പരാമർശം (3) നോട്ടീസിൽ പരാമർശിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും 13.04.2010-ന് മുൻപായി വകുപ്പുതല പരീക്ഷാ യോഗ്യത നേടിയിട്ടുള്ളവരും ആയതിന്റെ അടിസ്ഥാനത്തിൽ 27.04.2018-ൽ പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്രണ്ട് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ളവരുമാണ് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4. ബഹു. സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിൻറെ അടിസ്ഥാനത്തിൽ 24.10.2017, 27.04.2018 തീയതികളിൽ അന്തിമമാക്കിയ ജൂനിയർ സൂപ്രണ്ട് സീനിയോറിറ്റി പട്ടിക അടിസ്ഥാനമാക്കിയാണ് പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 511 മുതൽ 535 വരെയുള്ളവർക്ക് 30.11.2011-ൽ ആണ് സെക്രട്ടറി തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളത്. മേൽവിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 511 മുതൽ 535 വരെയുള്ള ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ക്രമം ഫീഡർ കാറ്റഗറി സീനിയോറിറ്റിയ്ക്ക് അനുസൃതമായി പുനഃക്രമീകരിച്ച് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| Feeder Category No. | Revised Seniority No. | Name | Date of Birth | Revised date of promotion | Remarks |
|---|---|---|---|---|---|
| 1 | 2 | 3 | 5 | 6 | 7 |
| 2325 | 463A | Raveendran K. | 06.05.1961 | 30.11.2011 | Retired |
| Nil | 511 | Babu T.K. | 18.05.1969 | 30.11.2011 | |
| Nil | 512 | Joseph T.F. | 26.05.1974 | 30.11.2011 | |
| 2 | 513 | T.T. Surendran | 10.01.1973 | 30.11.2011 | |
| Nil | 514 | Raveendran K. | 01.04.1963 | 30.11.2011 | Retired |
| Nil | 515 | Jacob George | 02.04.1966 | 30.11.2011 | Retired |
| 3 | 516 | S. Pradeep | 31.05.1969 | 30.11.2011 | |
| Nil | 517 | T. Dileep | 08.05.1970 | 30.11.2011 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | 518 | Preman P.K. | 13.02.1972 | 30.11.2011 | |
| 6 | 519 | P.M. Shaji | 17.02.1967 | 30.11.2011 | Retired |
| Nil | 520 | Anil Kumar D. | 28.05.1974 | 30.11.2011 | |
| Nil | 521 | Pradeepan C.P. | 21.05.1969 | 30.11.2011 | |
| 8 | 522 | Santhosh Kumar K.B. | 30.05.1971 | 30.11.2011 | |
| 9 | 523 | Narayanan P. | 15.05.1970 | 30.11.2011 | |
| 10 | 524 | P.P. Udayasimhan | 25.04.1970 | 30.11.2011 | |
| 11 | 525 | Shibu M. K. | 30.05.1974 | 30.11.2011 | |
| 13 | 526 | Sudhir B. | 20.05.1970 | 30.11.2011 | |
| 14 | 527 | Shaji Kumar S. O. | 31.05.1973 | 30.11.2011 | |
| 15 | 528 | Prakashan K.V. | 10.05.1971 | 30.11.2011 | |
| 16 | 529 | Anil Kumar P. | 31.05.1967 | 30.11.2011 | Retired |
| | 530 | DELETED | | | |
| 17 | 531 | Sujith Kumar Payyampalli | 10.05.1972 | 30.11.2011 | |
| 18 | 532 | Manoj O. | 10.05.1974 | 30.11.2011 | |
| 19 | 533 | Manoj S. | 28.05.1975 | 30.11.2011 | |
| 20 | 534 | Jayaraj B. | 14.05.1973 | 30.11.2011 | |
| 21 | 535 | Joseph M. Chacko | 15.08.1973 | 30.11.2011 | |

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

പകർപ്പ് :
1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. ഐ.റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 30-04-2024 20:33:47